**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കൃഷി വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന തൊടുപുഴ മുനിസിപ്പാലിറ്റിയിൽ ജോലിചെയ്തുവരുന്ന ശ്രീ. ജോമോൻ തോമസിനെ മാതൃവകുപ്പിലേക്ക് തിരികെ അയച്ച് പകരം അതേ വകുപ്പിലെ ക്ലാർക്കായ ശ്രീ. വാസു. കെ.വി.-യ്ക്ക് തൊടുപുഴ മുനിസിപ്പാലിറ്റിയിൽ പുനർവിന്യാസ നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2692/2018/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 22.10.2018.**

---

പരാമർശം: 1) സ.ഉ.(സാധാ) നം.383/2018/കൃഷി തീയതി, 23.04.2018.

2) സ.ഉ.(സാധാ) നം.501/2018/കൃഷി തീയതി, 02.06.2018.

3) നഗരകാര്യ ഡയറക്ടറുടെ 09.10.2018-ലെ ഇ6-17175/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പുനർവിന്യാസ വ്യവസ്ഥയിൽ തൊടുപുഴ മുനിസിപ്പാലിറ്റിയിൽ ജോലിചെയ്തുവരുന്ന കൃഷി വകുപ്പിലെ ജീവനക്കാരനായ ശ്രീ. ജോമോൻ തോമസിനെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം ശ്രീ.വാസു.കെ.വി-യെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് പുനർവിന്യസിക്കുന്നതിനും പരാമർശം(1), (2) പ്രകാരം ഉത്തരവായിരുന്നു.

2) തൊടുപുഴ മുനിസിപ്പാലിറ്റിയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ജോമോൻ തോമസിനെതിരെ വിജിലൻസ് അന്വേഷണങ്ങളൊ മറ്റ് നടപടി ക്രമങ്ങളൊയില്ലായെന്ന് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കൃഷി വകുപ്പിൽ നിന്നും പുനർവിന്യാസ പ്രകാരം തൊടുപുഴ മുനിസിപ്പാലിറ്റിയിൽ ജോലിചെയ്തുവരുന്ന ശ്രീ. ജോമോൻ തോമസിനെ മാതൃവകുപ്പിലേക്ക് തിരികെ അയച്ച് പകരം അതേ വകുപ്പിലെ ക്ലാർക്കായ ശ്രീ.വാസു കെ.വി. ഓപ്ഷൻ സമർപ്പിച്ചതിൻ പ്രകാരം ടിയാനെ തൊടുപുഴ മുനിസിപ്പാലിറ്റിയിൽ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തൊടുപുഴ മുനിസിപ്പാലിറ്റി, ഇടുക്കി

ബന്ധപ്പെട്ട വ്യക്തികൾക്ക് (വകുപ്പ് മേധാവി മുഖേന)

കൃഷി വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.

(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ